# വിഷയം: നിർമ്മിതബുദ്ധി ; സർഗാത്മകതയോ സംഹാരമോ?

## നിർമ്മിതബുദ്ധി എന്ന മഴവില്ല്...

*ആമുഖം:

ശാസ്ത്രത്തിന്റെ പങ്ക് ഇന്നത്തെ ലോകത്ത് എത്രത്തോളം എന്ന ചോദ്യത്തിന് തീർച്ചയായും ഇന്നത്തെ തലമുറയിൽ പ്രസക്തിയില്ല. മനുഷ്യൻ വളരുകയാണ് ; കൂടെ ശാസ്ത്രവും. ശാസ്ത്രത്തിന്റെ വികസനവഴിയിൽ ഏറ്റവും പ്രാധാന്യമേറിയതും, പുതുമയുള്ള മറ്റ് കണ്ടുപിടിത്തങ്ങൾക്കും വഴിതെളിച്ച ഒരു ശാസ്ത്ര പരിവേഷമാണ് "നിർമ്മിത ബുദ്ധി". മനുഷ്യനെ പോലെ ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന ഒരു വസ്തു എന്ന നിർവ്വചനത്തിനും അപ്പുറത്ത് തനതായ ഒരു വിശേഷണം തന്നെ കഴിഞ്ഞ 2 വർഷങ്ങൾക്കുള്ളിൽ നേടിയെടുക്കാൻ നിർമ്മിത ബുദ്ധിക്ക് സാധ്യമായി. കമ്പ്യൂട്ടർ യുഗത്തിൽ വളരുന്ന പുതുതലമുറയ്ക്ക് ഭാവിജീവിതത്തിലേക്ക് ധാരാളം പടികൾ വച്ച് നീട്ടുകയാണ് നിർമ്മിതബുദ്ധി. സമഗ്രമായും, യുക്തിപരമായും ചിന്തിച്ച് അറിവിന്റെ പുത്തൻ വെളിച്ചത്തിലേക്കുള്ള വാതിൽ തുറക്കുന്ന

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

64-ാമത് കേരള സ്കൂൾ കലോത്സവം
തിയ്യതി....................
പ്രോഗ്രാം കമ്മിറ്റി

നിർമ്മിത ബുദ്ധി ഇന്ന് പൊതുസമൂഹത്തിന്റെ
ദൈനംദിന ജീവിതത്തിന്റെ ഒരു ഭാഗമായിക്കഴിഞ്ഞു.
പുത്തൻ ചുവടുവെപ്പുമായി ആർട്ടിഫിഷ്യൽ
ഇന്റലിജൻസ് എന്ന ഓമനപ്പേരിൽ
അറിയപ്പെടുന്ന നിർമ്മിതബുദ്ധിയുടെ
ഉത്പന്നങ്ങളും, നല്ലതും, ചീത്തയുമായ ഇരുവശ-
ങ്ങളും മനുഷ്യസമൂഹത്തിന്റെ ഭാവിയിലേക്ക്
നൂറ്, നൂറ് വ്യതിയാനങ്ങൾക്കാണ് വഴിയൊരുക്കുന്നത്.

നിർമ്മിതബുദ്ധി സമൂഹത്തിന്റെ നന്മക്ക്...

വിദ്യാഭ്യാസമേഖലയിൽ നിർമ്മിതബുദ്ധി.

'ഒരു പുസ്തകം നൂറ് സുഹൃത്തുക്കൾക്ക്
തുല്യമാണ്' എന്ന് ഡോ. എ.പി.ജെ അബ്ദുൾ
കലാം പറഞ്ഞ കാലത്ത് നിന്ന് പുസ്തകങ്ങ
ൾക്കുമപ്പുറം അറിവിന്റെ മായാലോകം
തീർക്കുകയാണ് നിർമ്മിതബുദ്ധി. പാഠപുസ്തകങ്ങ
ളിൽ മാത്രം അറിവ് സമ്പാദനം ഒതുങ്ങിപ്പോയ
കാലത്ത് നിന്നും ഡിജിറ്റൽ ഉപകരണങ്ങളായ
ലാപ്ടോപ്പ്, കമ്പ്യൂട്ടർ, പ്രൊജക്ടർ തുടങ്ങിയ
ഉപകരണങ്ങളിലൂടെയുള്ള പഠനത്തിന് ശേഷം
ഇതുവരെ നാം കാണാത്ത രീതിയിൽ, കാഴ്ചയിൽ
വിസ്മയം തന്നെ തീർത്ത് പുത്തൻ അറിവുകൾ

വിദ്യാർത്ഥികളിലേക്ക് പകരുവാൻ നിർമ്മിതബുദ്ധിക്ക് സാധ്യമായി. അധ്യാപകരെയും , മാതാപിതാക്കളെയും മറ്റ് മാർഗ്ഗങ്ങളെയും സംശയങ്ങൾ ദൂരീകരിക്കുന്നതിന് വേണ്ടി സമയമെടുത്ത് ചെയ്ത ഒരോ വസ്തുതകളും ക്ഷണനേരം കൊണ്ട് കൂടുതൽ അറിവുകൾ നൽകി ജീവിതം സുഗമമാക്കുന്നതിന് മെറ്റ എ.ഐ , ജെമിനി, ചാറ്റ് ജി.പി.ടി മുതലായ വെബ്സൈറ്റുകൾക്ക് സാധ്യമായി. അധ്യാപകർക്കും ഒരു മടിയും കൂടാതെ സംശയങ്ങൾ ചോദിക്കുന്നതിനുള്ള ഉത്തമോദാഹരണമായി ഇത്തരം ആപ്പുകളും , വെബ്സൈറ്റുകളും മാറി എന്നതാണ് വാസ്തവം.

“വിദ്യാധനം സർവ്വധനാൽ പ്രധാനം” എന്നാണല്ലോ. ചൊല്ല്. വിദ്യാഭ്യാസം എല്ലാവരിലും എത്തിക്കുന്നതിൽ നിർമ്മിതബുദ്ധി പരിപൂർണ്ണ വിജയം പ്രാപിച്ചു. അനിമേഷൻ, കാർട്ടൂൺ, കൊളാഷ് മുതലായ കലാസൃഷ്ടികൾ ഏറ്റവും വികസിതമാക്കുന്നതിനും, ഒരു വ്യക്തിയുടെ സർഗ്ഗവാസനകളിൽ ഉയരുന്ന ആശയങ്ങൾക്കും ഒത്ത് പ്രവർത്തിക്കാൻ ഇവ

64-ാമത് കേരള സ്കൂൾ കലോത്സവം തൃശ്ശൂർ ★ പ്രോഗ്രാം കമ്മിറ്റി ★

Item Code: 643 Participant Code: 037

സംവിധാനങ്ങൾക്ക് സാധിക്കുന്നു എന്നതാണ് മറ്റൊരു ഗുണം. അങ്ങനെ വേണ്ട അറിവുകൾ കൊണ്ട് അറിവിന്റെ വിദ്യാലയം തന്നെ പടുത്തുയർത്താൻ നിർമ്മിതബുദ്ധിക്ക് ചുരുങ്ങിയ വേളയിൽ സാധ്യമായി.

## ആരോഗ്യമേഖലയിൽ

നൂതന സാങ്കേതിക വിദ്യകളോടുകൂടിയ ആശുപത്രികളും, യന്ത്രങ്ങളും, മരുന്നുകൾ വരെ ഇന്നത്തെ കാലത്ത് ആഘം കൊണ്ട-തിന്റെ പ്രധാന കാരണങ്ങളിൽ ഒന്നുതന്ന-യാണ് നിർമ്മിതബുദ്ധിയുടെ വളർച്ച. ഒരിക്കലും മാറ്റാൻ കഴിയില്ല എന്ന് ഭൂരിപ-ക്ഷം ആളുകളും വിശ്വസിച്ച പല രോഗങ്ങൾക്കും, പ്രതിവിധി കണ്ടെത്തുന്ന-തിനും ഒരു വ്യക്തിയുടെ ജീവിതം ഏറ്റവും സന്തോഷകരമാക്കുന്നതിനും ഇത്തരം സാങ്കേതികവിദ്യകൾക്ക് ഇന്ന് സാധിക്കു-ന്നു:

"നമ്മിലുള്ളതാം നന്മയിൽ നിന്നാം
നമുക്ക് നാളെ പണിയാം നാകം
നമ്മിലുള്ളവരൊരുപോലെ"

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

എന്ന 'പ്രേമസംഗീതത്തിൽ നിന്നെടുത്ത ഉള്ളൂരിന്റെ വരികൾപോലെ മനുഷ്യ-രുടെ നന്മകൂടി ലക്ഷ്യം വച്ച് ധാരാളം ശാസ്ത്രജ്ഞൻമാരുടെ കഷ്ടപ്പാടിന്റെ ഫലം ആരോഗ്യതലത്തിൽ ആരോഗ്യമേഖലി-യിൽ ഉണ്ടാക്കിയ മാറ്റം ചെറുതല്ല.

ക്രിസ്പർ കാസ്-9 എന്ന കണ്ടുപിടി-ത്തം ജെന്നിഫർ ഡൗഡ്നയും, ഇമ്മാനുവേ-ൽ കാർപെന്റിയറും കണ്ടുപിടിച്ചപ്പോൾ ലോകം അറിഞ്ഞിരുന്നില്ല; കാൻസർ പോലുള്ള മാരകരോഗങ്ങളെ തുരത്തി-യോടിക്കാൻ കഴിവുള്ള മൂർച്ചയുള്ള ആയു-ധമാണ് അവർ നിർമ്മിക്കുന്നത് എന്ന്.

ജനിതക ഘടനയിൽ മാറ്റം വരുത്തി ഡി.എൻ.എ പോലുള്ള ഘടകങ്ങളിൽ ചെറിയ വ്യത്യാസങ്ങൾ കൊണ്ടുവന്ന് ക്യാൻസർ, മറ്റ് ജനിതക അസുഖങ്ങൾ തുടങ്ങിയവയെ ഇല്ലാതാക്കാൻ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഏറെ സഹായകമായി.

തീർത്തും വിസ്മയകരമായി ബാക്ടീരിയ, വൈറസ് തുടങ്ങിയവയുടെ വളർച്ചയെ

തടയുവാനും, മറ്റ് ജനിതക രോഗങ്ങൾക്ക് എതിരെ പ്രവർത്തിക്കുവാനും, മനുഷ്യനിൽപോലും ആയുധങ്ങൾ തീർത്ത് ഒരു പരിധിവരെ രോഗങ്ങൾ കുറച്ച് ലോകത്ത് ചെറുപ്രായത്തിൽ തന്നെ ഉണ്ടാകുന്ന മരണനിരക്കുകൾ ലഘൂകരിക്കുന്നതിന് നിർമ്മിതബുദ്ധിക്ക് സാധ്യമായി. ഇനിയും വളർന്നുവരാൻ ഏറെ പണിയെടുക്കുന്ന, മാറ്റങ്ങൾ ലോകം പ്രതീക്ഷിക്കുന്ന ഒരു മേഖല തന്നെയാണ് നിർമ്മിതബുദ്ധിയും ആരോഗ്യമേഖലയും.

## സാമ്പത്തിക-വാണിജ്യ-ബഹിരാകാശ മേഖല

'കുഴിയിൽ കിടന്ന ഫ്രാൻസിന്റെ കിരീടം ഞാനാണെടുത്തത്' എന്ന് ഫ്രാൻസിന്റെ ഭരണാധികാരിയായിരുന്ന നെപ്പോളിയൻ ബോണപ്പാർട്ട് പറഞ്ഞതുപോലെ, ഒരു കാലത്ത് വികസനങ്ങൾക്കായി ഉറ്റുനോക്കിയിരുന്ന ഇന്ത്യയിലെ മേഖലകളിൽ പ്രധാനപ്പെട്ടതാണ് സാമ്പത്തിക-വാണിജ്യ കൂടെ ബഹിരാകാശ മേഖലയും. സാമ്പത്തിക നിരക്കുകളെ ചൂണ്ടിക്കാണിക്കുന്ന ജി.ഡി.പി മുതലായ കണക്കുകളെയും, അന്യരാജ്യങ്ങളുമായി നടത്തിയ അന്താരാഷ്ട്ര

64th Kerala School Kalolsavam, January 14 to 18, 2026, Thrissur

Item Code: 643 Participant Code: 037

ചർച്ചകളുടെയും, തീരുമാനങ്ങളുടെയും, പ്രധാനപ്പെട്ട പല കാര്യങ്ങളുടെയും കാവൽക്കാർ നിർമ്മിതബുദ്ധിയിൽ ~~ഒരു~~ അധിഷ്ഠിതമായിരുന്ന സൈബർ സുരക്ഷ സേവനങ്ങളാണ്. ഒരോ കാര്യങ്ങളുടെയും പ്രധാന ആശയങ്ങളെയും തരം തിരിക്കുന്നതിനും, ക്രോഡീകരിച്ച് കൃത്യമായ റിപ്പോർട്ടുകളും, പട്ടികകളും തയ്യാറാക്കാൻ മനുഷ്യനെക്കാൾ നല്ല നിർമ്മിതബുദ്ധിയാണ് എന്ന് തെളിയിക്കപ്പെട്ടു. അമേരിക്കയിൽ ഡൊണാൾഡ് ട്രംപുമായി നടത്തിയ ഇന്ത്യയുടെ ചർച്ചയിൽപോലും ഇവ സഹായകമായി.

ബഹിരാകാശ മേഖലയിൽ ഇന്ത്യ വികസിപ്പിക്കുന്ന ഒരോ റോക്കറ്റുകൾക്കും പിന്നിൽ ഒരു കൂട്ടം ജ്ഞാനികളുടെ അധ്വാനവും, നിർമ്മിതബുദ്ധിയിലൂടെ ലഭിച്ച ആശയങ്ങളും നിറഞ്ഞു നിൽക്കുന്നു. ചരിത്രനേട്ടമായിരുന്ന ചാന്ദ്രയാൻ 3 നായി നിർമ്മിച്ച എൽ.വി.എം 3 റോക്കറ്റ്, ചൊവ്വ ദൗത്യം മംഗൾയാൻ, സൗരദൗത്യം ആദിത്യ എൽ-വൺ മുതലായവ ശാസ്ത്രപര്യവേഷണങ്ങൾ നടത്തുന്നതിന് ഇന്ത്യൻ പൗരന്മാർക്ക് പുത്തൻ ഉണർവ്വേകുന്നു.

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

നൽകിയത് എന്നതിൽ തർക്കമില്ല. അങ്ങനെ ബഹിരാകാശ മേഖലയെ ഏതാ സ്വാധീനിക്കുവാൻ നിർമ്മിതബുദ്ധിക്ക് സാധ്യമായി. നാസ, ഐ.എസ്.ആർ.ഒ പോലുള്ള സ്ഥാപനങ്ങളിലും, തുമ്പ, ശ്രീഹരിക്കോട്ട മുതലായ ഇന്ത്യൻ വിക്ഷേപണകേന്ദ്രങ്ങളിലും ഇന്ന് നിർമ്മിതബുദ്ധിയിൽ അധിഷ്ഠിതമായ യന്ത്രങ്ങളും, മറ്റ് വസ്തുക്കളുമാണ് പ്രവർത്തിക്കുന്നത്.

**മറ്റ് ജോലികളിലും, ദൈനംദിന ജീവിതത്തിലും നിർമ്മിതബുദ്ധി.**

മറ്റ് ജോലികളായ എൻജിനീയറിംഗ്, പട്ടാളം, കെട്ടിടനിർമ്മാണം തുടങ്ങി നൂതനം മേഖലകളിൽ ഇന്ന് നിർമ്മിതബുദ്ധി പ്രവർത്തിക്കുന്നു. ഒരോ ചെറിയ കാര്യങ്ങളിൽ തുടങ്ങി ആ ജോലിയിലെ പ്രധാനപ്പെട്ട ഇടങ്ങളിൽ വരെ എത്തിക്കാൻ നിർമ്മിതബുദ്ധിക്ക് സാധിക്കുന്നു. കരസേന, നാവികസേന, വ്യോമസേന മുതലായ രാഷ്ട്രത്തിന്റെ കാവൽക്കാരായ സേനകളിൽ തുടങ്ങി തലവനായ രാഷ്ട്രപതിയുടെയും, പ്രധാനമന്ത്രിയുടെയും ദിനചര്യ വരെ നിശ്ചയിക്കുവാൻ നിർമ്മിതബുദ്ധിയെ

ആശ്രയിക്കുന്നു എന്നതാണ് വാസ്തവം.

കൂടാതെ സാധാരണക്കാരിയുടെ അല്ലെങ്കിൽ സാധാരണക്കാരന്റെ ജീവിതം നിശ്ചയിക്കുന്നതിൽ പ്രധാന പങ്ക് വഹിക്കുന്ന ഒരു വ്യക്തിക്ക് സമവായ വസ്തുതയാണ് നിർമ്മിതബുദ്ധി എന്ന് നിത്യജീവിതത്തിൽ. ഓരോ മേഖലയിൽ ഉണ്ടാകുന്ന മാറ്റങ്ങൾക്കനുസരിച്ച് പ്രതിദിനചര്യയിൽ ഉണ്ടാകുന്ന മാറ്റത്തിനൊത്ത് ഒരു ദിവസത്തെ കൃത്യമായി ക്രമീകരിക്കുവാനും, ചെറിയ സംശയങ്ങൾക്കുപോലും ഉള്ളിൽ വെക്കാതെ തുറന്നുപറയാൻ പറ്റുന്ന, വഴിയെടുക്കാരനെയും, കൂട്ടുകാരനെയും, ക്ഷേമയോടുകൂടി ഓരോ വസ്തുതയെയും കൃത്യമായി പഠിപ്പിക്കുന്ന ഉത്തമ ഗുരുഭൂതന്മാരായി നിർമ്മിതബുദ്ധി മാറി കഴിഞ്ഞു. അങ്ങനെ ദൈനംദിന ജീവിതത്തിന്റെ ഒരു ഭാഗമാകാൻ പൂർണ്ണമായും നിർമ്മിതബുദ്ധിക്ക് സാധ്യമായി. വ്യത്യസ്ത ജീവിത വ്യാപാരങ്ങളിൽ ഏർപ്പെടുന്ന ഓരോ വ്യക്തിയെയും സംഭാഷണത്തിലൂടെ, മെച്ചപ്പെട്ട അറിവ് നൽകി ഒരു പരിധിയും കൂടാതെ സഹായിക്കുന്ന, സേവനം. അനുഷ്ഠിക്കുന്ന വസ്തുതയായി നിർമ്മിതബുദ്ധി കാട്ടിക്കൊള്ളുന്നു.

**നിർമ്മിതബുദ്ധി ഒരു സംഹാരിയോ?**

“ബന്ധുര കാഞ്ചനക്കൂട്ടിലെങ്കിലും
ബന്ധനം, ബന്ധനം തന്നെ പാരിൽ”

എന്ന ശ്രീ. മഹാകവി വള്ളത്തോളിന്റെ വരികളിൽ തെളിയുന്നതുപോലെ അതിവിശാലമായ, വിസ്മയാവഹമായ ഒരു ലോകത്തിന് തുറന്നുകൊടുക്കുന്ന നിർമ്മിതബുദ്ധി എന്തെല്ലാം മാറ്റങ്ങൾക്ക് വഴിയൊരുക്കിയാലും അത് വഴി അത് ഉയർത്തുന്ന വെല്ലുവിളികൾ ചെറുതല്ല.

**ജോലി സാധ്യത.**

ഒരു രാഷ്ട്രത്തിന്റെ യുവജനങ്ങളിൽ കുടികൊള്ളുന്നു എന്ന് ഗാന്ധിജി നമ്മോട് പറഞ്ഞു. ഇന്നത്തെ തലമുറയിൽ ഏതൊരു വ്യക്തിക്കും വിദ്യാഭ്യാസവും, ജോലിയും ഏറ്റവും അത്യന്താപേക്ഷിതമായ ഘടകങ്ങളാണ്. സുഖകരമായ ജീവിതത്തിന്റെ, രാഷ്ട്രത്തിന്റെ സാമ്പത്തിക ഉന്നമനത്തിനും അത് അനിവാര്യമാണ്. ജീവിതവ്യാപാരങ്ങളിലേക്ക് നിർമ്മിതബുദ്ധി കടന്നുകയറുന്ന ഈ വേളയിൽ പല ജോലികൾക്കും പകരമാവാൻ നിർമ്മിതബുദ്ധിക്ക്

സാധിക്കുന്നു. അങ്ങനെ ഒരു വ്യക്തി ചെയ്ത ജോലി നിർമ്മിതബുദ്ധി ചെയ്യുന്നത് വഴി പല ജോലിസ്ഥലങ്ങളിലും മനുഷ്യന് പകരക്കാരനാവാൻ നിർമ്മിതബുദ്ധി കഴിയുകയും അത് വ്യക്തിയുടെ ജോലിയെ ബാധിച്ച് ഒരു തൊഴിൽ രഹിത രാഷ്ട്രം അടുത്ത പത്ത് വർഷത്തിനുള്ളിൽ കാണേണ്ടി വരുമെന്നാണ് ഐക്യരാഷ്ട്ര സംഘടനകളും, മറ്റ് സംഘടനകളും പറയുന്നത്. അത് തൊഴിലില്ലായ്മയ്ക്ക് വഴി വെക്കുന്നതിന്റെ സൂചനകളാണ് ഇന്ന് നാം വികസനം എന്ന പേരിൽ കണ്ടുകൊണ്ടിരിക്കുന്ന ഒരു എ.ഐ പ്രവർത്തനങ്ങളും.

'സോഫി' എന്ന നിർമ്മിതബുദ്ധിയിൽ അധിഷ്ഠിതമായ റോബോട്ട് മനുഷ്യനെപോലെ ചിന്തിക്കുകയും, സംസാരിക്കുകയും അങ്ങനെ അധ്യാപനമേഖലയ്ക്ക് ഒരു വെല്ലുവിളി ഉയർത്തുന്ന സാഹചര്യമാണ് നമ്മൾ കാണേണ്ടി വരുക. കൂടാതെ ട്രാഫിക് പോലീസ്, ആർക്കിടെക്ചർ, ശസ്ത്രക്രിയകൾ, കൃഷി, തുടങ്ങിയ ഒട്ടനവധി തൊഴിൽമേഖലകൾക്ക് ഒരു വെല്ലുവിളിയായി നിർമ്മിതബുദ്ധി • ഭാവിയിൽ മാറിയേക്കാം

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

എന്നാൽ നിശ്ചയമായും ഒരു വലിയ വെല്ലുവിളി തന്നെയാണ് ഉയർത്തുന്നത്. 'മദ്യം ആത്മഹത്യക്ക് സമം' എന്ന് ഗാന്ധിജി പറഞ്ഞതിന് തുല്യമായി നിരവധിത്തെച്ചുവടികൾ പല ആത്മഹത്യകൾക്കും കാരണമായേക്കാം.

## മടി പിടിച്ചുപോകുന്ന തലമുറ.

ആശ്രയിച്ച്, ആശ്രയിച്ച് ഒടുവിൽ അറിവ് സമ്പാദിക്കുന്നതിൽ ഉപരി കണ്ടുപിടിച്ച് എഴുതാനുള്ള മടിയും, അലസതയും മൂലം ഹോംവർക്കുകൾ ജെമിനിക്കും, ചാറ്റ് ജി.പി.ടിക്കും വിട്ടുകൊടുക്കുകയാണ് ഭൂരിഭാഗം വിദ്യാർത്ഥികളും. പണിയെടുക്കാതെ, കഷ്ടപ്പെടാതെ സമ്പാദിക്കുന്ന അത്തരം രീതികളിൽ നിന്നും രാഷ്ട്രത്തിന് ആവശ്യമായ തലമുറയെ നമുക്ക് വാർത്തെടുക്കാൻ കഴിയില്ല. കൂടാതെ മറ്റ് പല മത്സരങ്ങളിൽ അവനവന്റെ ആശയങ്ങളില്ല, ചാറ്റ് ജി.പി.ടി നൽകിയ ആശയത്തിലൂടെയാണ് സമ്മാനം നേടിക്കുന്നത്.

സർഗാത്മകമായ വാസനകളെ ഉണർത്താതെ ഇത്തരം സമ്മാനങ്ങൾ നേടിക്കുന്നത് നീതിയല്ല. സ്വാതന്ത്ര്യസമരകാലഘട്ടത്തിൽ

'സ്വാതന്ത്ര്യം വിപ്ലവത്തിലൂടെ' എന്ന് ആഹ്വാനം ചെയ്ത ഭഗത്സിംഗ് പോലുള്ള യുവാക്കളുടെയും സ്വാതന്ത്ര്യ സമര നായിക അരുണാ അസഫ് അലിയുടെ ചുറുചുറുക്കും ലഭിക്കാത്ത ഒതുങ്ങിക്കൂടുന്ന തലമുറ 1914 ൽ വരുത്തിവച്ച ഒന്നാം സ്വാതന്ത്ര്യസമരത്തെക്കാളും, മഹായുദ്ധത്തിലെ ക്രൂരതയേറിയ യുദ്ധങ്ങളെക്കാളും അപകടങ്ങൾ വരുത്തിവയ്ക്കും. അങ്ങനെയൊരു ഭാവി ഇന്ത്യയ്ക്ക് അനുയോജ്യമല്ല. ചെറിയ തെറ്റുകൾക്ക് വലിയ വില...

വിവിധതരം ശസ്ത്രക്രിയകളും, സൈബർ സുരക്ഷയിലൂടെ ഉന്നിയ ഭേഷൾ തയ്യാറാക്കുമ്പോഴും അതിൽ ഉണ്ടാകുന്ന ചെറിയ ഒരു വ്യക്തിയുടെ ജീവിതത്തെയും അതുവഴി ഒരു സമൂഹത്തെ തന്നെ ബാധിക്കാൻ സാധ്യതയുള്ള ഒന്നാണ് നിർമ്മിതബുദ്ധിയുടെ ഉപയോഗം. എത്ര വലിയ കമ്പ്യൂട്ടറിനും, നിർമ്മിത ബുദ്ധിക്കും പ്രവർത്തിക്കാൻ കഴിയുന്നതിലും മെച്ചത്തിൽ ഒരു മനുഷ്യന്റെ തലച്ചോറ് പ്രവർത്തിക്കുന്നു എന്ന് നാം തിരിച്ചറിയേണ്ടിയിരിക്കുന്നു.

## ദുരുപയോഗം അതിരുകവിയുമ്പോൾ.

നിർമ്മിതബുദ്ധിയും, മറ്റ് വലിയ സൗകര്യങ്ങളെയും ദുരുപയോഗം ചെയ്യാൻ മാത്രം അറിയുന്ന ഒരു കൂട്ടം ആളുകൾക്കിടയിലേക്ക് ഈ നൂതനവിദ്യ എത്തിച്ചേരുമ്പോൾ അത് കൃത്യമായി ഉപയോഗിക്കാതെ അശ്ലീല വീഡിയോകളും, ചിത്രങ്ങളും നിർമ്മിച്ച് ഒരു വ്യക്തിയെ മാനസികമായി പീഡിപ്പിക്കുന്നത് ശിക്ഷാർഹമാണ്. വ്യാജ വാർത്തകൾ പ്രചരിക്കുന്നത് വർദ്ധിച്ചു വരുന്ന ഒരു സാഹചര്യത്തിലാണ് ഇന്ന് നാം കടന്നുപോയ്ക്കൊണ്ടിരിക്കുന്നത്. ഇവ ആശങ്കകൾ പരക്കുന്നതിന് കാരണമാകുന്നു.

## ഉപസംഹാരം:

മനുഷ്യബുദ്ധിക്കു മുകളിൽ ഒരു ബുദ്ധിക്കും വലുതാകുവാൻ സാധിക്കില്ല എന്ന വാസ്തവം നമുക്ക് തിരിച്ചറിയാം. "ബുദ്ധിമാനായാൽ ഐശ്വര്യം നിശ്ചയം" എന്നാണല്ലോ. കൃത്യമായി ഉപയോഗിച്ചാൽ സാധ്യതകളുടെ മായാലോകമാണ് നമുക്ക് മുമ്പിൽ തുറക്കപ്പെടുന്നത് എന്ന് തിരിച്ചറിയാൻ ലോകത്തിന് സാധിക്കട്ടെ എന്ന് പ്രത്യാശിക്കുന്നു...